(Pages : 4)

3503

Reg. No. : .....

Name : .....

# Second Semester B.A./B.Sc. Degree Examination, July 2014
## First Degree Programme Under CBCSS
## MALAYALAM LANGUAGE
## Language Course – V (Additional Language)
## ML 1211.1 : Gadyasahityam
## (2010 and 2012 Admissions)

Time : 3 Hours

Max. Weight : 30

I. **എല്ലാ** ചോദ്യത്തിനും **ശരിയായ** ഉത്തരം എടുത്തെഴുതുക.

A) 1) എം. ടി. യുടെ കൃതിയേത് ?

എ) ദൽഹി
ബി) അണ്ടിടങ്ങഴി
സി) നാലുകെട്ട്
ഡി) ആടുജീവിതം

2) 'നാട്ടിൻപുറത്ത് അതൊരു പുതിയ കാഴ്ച്ചയായിരുന്നു – ഒരൊറ്റക്കാളവണ്ടി' – ഏതു കഥയാണ് ഇങ്ങനെ ആരംഭിക്കുന്നത് ?

എ) ജന്മദിനം
ബി) ദീർഘയാത്ര
സി) കൊമാല
ഡി) മഞ്ഞുകാലം

3) 'കത്തുന്ന ഒരു രഥചക്രം' എഴുതിയതാര് ?

എ) മുകുന്ദൻ
ബി) ടി. പദ്മനാഭൻ
സി) മാധവിക്കുട്ടി
ഡി) തകഴി

4) ആ നിമിഷം രാജീന്ദർ പാണ്ഡയുടെ മുറി ഒരു വൻനഗരമായി രൂപാന്തരപ്പെടുന്നു. ഈ വാചകം ഏതു കഥയിലേതാണ് ?

എ) പക്ഷിയുടെ മണം
ബി) ശന്തനുവിന്റെ പക്ഷികൾ
സി) ദൽഹി 1981
ഡി) മഞ്ഞുകാലം

B) 5) തന്റെ അഞ്ചു വയസ്സിനുള്ളിൽ പലവിധ നിരീക്ഷണങ്ങളിലൂടെ പക്ഷികൾക്ക് മരണമില്ല എന്നു മനസ്സിലാക്കിയത് ആര് ?

എ) ഗോപി
ബി) രാംസിങ്ങ്
സി) ശന്തനു
ഡി) രഘുവീർ

P.T.O.

All Saints' College Trivandrum

6) 'റെയ്ൻഡിയർ ഏതു നാടോടിക്കഥയിൽ നിന്നുമാണ് വർഷയുടെ ജീവിതത്തിലേയ്ക്ക് കടന്നു വന്നത് ?

എ) ഗ്രീക്ക് ബി) സിറിയൻ

സി) റഷ്യ ഡി) ചൈനീസ്

7) മൂന്നുമാസം ഭ്രാന്തിലും 9 മാസം സമനിലയിലും ജീവിച്ച കഥാപാത്രം

എ) കുഞ്ഞഹമ്മദിക്ക ബി) മൂത്താപ്പ

സി) അസൈനാർക്ക ഡി) ശിഹാബുദ്ദീൻ

8) യതീന്ദ്രദാസ് ഏതു കഥയിലെ കഥാപാത്രമാണ് ?

എ) മഞ്ഞുകാലം ബി) കൊമാല

സി) നാല്പതാം നമ്പർ മഴ ഡി) ദൽഹി

C) 9) മിതവാദി ആരംഭിച്ചത് ആര് ?

എ) ടി. എം. നായർ ബി) ജി. പി. പിള്ള

സി) സി. കൃഷ്ണൻ ഡി) കേസരി

10) നദിയുടെ മൂന്നാം കര എന്ന ചെറുകഥ ആരുടേതാണ് ?

എ) മരിയ വർഗാസ് യോസ ബി) ഡാൻ ബ്രൗൺ

സി) ഇറ്റാലോ കാൽവിനോ ഡി) ഷുവോ ഗിമറാസ് റോസ

11) പുസ്തകങ്ങൾക്കിടയിൽ എന്റെ രഹസ്യജീവിതം എന്ന ലേഖനം എഴുതിയതാര് ?

എ) പി. കെ. ബാലകൃഷ്ണൻ ബി) പി. കെ. രാജശേഖരൻ

സി) എ. ശ്രീധരമേനോൻ ഡി) പി. എൻ. പണിക്കർ

12) ശൈലീകരണത്തിലൂടെയും വൈവിധ്യമാർന്ന രംഗോപാധികളിലൂടെയും വിനിമയം ചെയ്യുന്ന നാടകവേദി

എ) ഫോക് നാടകവേദി ബി) ഗ്രീക്ക് നാടകവേദി

സി) ക്ലാസ്സിക് നാടകവേദി ഡി) തനതുനാടകവേദി

D) 13) ഫോക്‌ലോറും മലയാളനാടകവും എന്ന ലേഖനം എഴുതിയതാര് ?

എ) ഐ. ഷൺമുഖദാസ് ബി) കുട്ടികൃഷ്ണ മാരാർ

സി) എൽ. തോമസുകുട്ടി ഡി) നിത്യചൈതന്യയതി

14) കാമദഹനത്തെ തുടർന്ന് കാർഷിക സംസ്കൃതിയിലുടനീളം പടർന്നു പിടിച്ച ആലസ്യത്തെ സൂചിപ്പിക്കുന്ന പദം ഏത് ?

എ) ഓറ് ബി) പള്ള്

സി) ആണ്ട് ഡി) ചൊവ്വേറ്

All Saints College Trivandrum

15) ആദിമനാടകങ്ങളിൽ സൗന്ദര്യാത്മക മൂല്യമല്ല, ആനന്ദമാണ് മുഖ്യമെന്ന് നിരീക്ഷിച്ച പണ്ഡിതൻ

എ) റോജർ
ബി) ഫ്രോയ്ഡ്
സി) ഷെഹ്നൻ
ഡി) ശ്രീനാഥ്

16) അർജുന വിഷാദയോഗം എഴുതിയതാര് ?

എ) കുട്ടികൃഷ്ണ മാരാർ
ബി) പി. പി. കെ. പൊതുവാൾ
സി) കെ. പി. അപ്പൻ
ഡി) പി. കെ. ബാലകൃഷ്ണൻ

**(4×1=4 വെയിറ്റ്)**

II. **അരപ്പുറ**ത്തിൽ കവിയാതെ (**50** വാക്ക് ) **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

17) ദീർഘയാത്ര എന്ന ശീർഷകം വിനിമയം ചെയ്യുന്ന സവിശേഷമായ അർത്ഥതല ങ്ങൾ വിശദീകരിക്കുക.

18) രാജീന്ദർ പാണ്ഡെയും സുഹൃത്തുക്കളും സമകാലിക യുവതലമുറയെ പ്രതിനിധാനം ചെയ്യുന്നുണ്ടോ ? പരിശോധിക്കുക.

19) 'സ്വപ്നങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കുമിടയിലുള്ള ഒരു ജീവിതമായിരുന്നു ശന്തനുവിന്റേത്' – വിശകലനം ചെയ്യുക.

20) അസൈനാർക്ക എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ അപഗ്രഥിക്കുക.

21) പ്രകൃതി-മനുഷ്യബന്ധത്തിന്റെ ശക്തമായ അടയാളങ്ങൾ നാല്പതാം നമ്പർ മഴ എന്ന കഥയിൽ നിർല്ലീനമാണ് – വിശദമാക്കുക.

22) സംശുദ്ധമായ ജിഹ്വയും മനസാക്ഷിയുമായി പത്രപ്രവർത്തനം നടത്തിയ വ്യക്തി യായിരുന്നു, ഡോ. ടി. എം. നായർ – പരിശോധിക്കുക.

23) പുസ്തകങ്ങളുടെ പടനിരയെകുറിച്ച് ഇറ്റാലോ കാൽവനോയുടെ നിരീക്ഷണമെന്ത് ?

24) വിളവെടുപ്പ്, ഉൽസവം, നാടോടിക്കല ഇവ തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

25) 'പാൻസ് പേമിയ' വഴി അന്യഗ്രഹങ്ങളിൽ ജീവൻ ഉത്ഭവിക്കുവാൻ സാധ്യതയുണ്ടോ ?

26) റെയ്ൻഡിയർ എന്ന കഥയുടെ ആഖ്യാന സവിശേഷതകൾ വിശദീകരിക്കുക.

27) ആത്മാവു നഷ്ടപ്പെട്ട സൈബർഭാഷയുടെ വൊക്കാബുലറി തന്നെയാണ് ഇപ്പോൾ ഹൈടെക്കൃഷിയുടെ ഭാഷയും കൈകാര്യം ചെയ്യുന്നത് – പ്രതികരിക്കുക.

28) ഭാരതകഥയുടെ അന്ത്യത്തിൽ യുധിഷ്ഠിരൻ ദുഃഖിതനാകാൻ കാരണമെന്ത് ?

**(8×1=8 വെയിറ്റ്)**

All Saints' College Trivandrum

III. **ഒരു പുറത്തിൽ (100 വാക്ക്)** കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരം എഴുതുക.

29) മുസ്ലീം സാമൂഹിക ജീവിത ചിത്രണമാണ് 'സ്മാരകശില'കളിൽ നോവലിസ്റ്റ് നിർവ്വഹിക്കുന്നത് – സമർത്ഥിക്കുക.

30) ഒരു പന്തീരാണ്ടിനുശേഷം ലീലയെപറ്റി ഞാനിന്ന് ഓർത്തുപോയ് എന്തൊക്കെ ബാല്യകാല സ്മൃതികളാണ് ആഖ്യാതാവിന്റെ മനസ്സിലൂടെ സഞ്ചരിച്ചത് ?

31) നഗരജീവിതത്തിന്റെ വിപര്യയങ്ങൾ ദൽഹി 1981എന്ന കഥയിലൂടെ വായിച്ചെടുക്കാനാവും – പരിശോധിക്കുക.

32) ഫോക്‌ലോറും തനതു നാടകവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഡോ. എൽ. തോമസുകുട്ടിയുടെ നിരീക്ഷണങ്ങൾ സംക്ഷേപിക്കുക.

33) ''സമ്പന്നവും സന്തുലിതവുമായ ഒരാവാസ വ്യവസ്ഥയിൽ വളപ്രയോഗവും കളനശീകരണവും കീടനിയന്ത്രണവും ഒരു പരിധിവരെ പ്രകൃതി തന്നെ നടത്തും'' – എങ്ങനെ ?

34) ''ആ ആത്യന്തികാവസ്ഥയിൽ അദ്ദേഹത്തിന് ഗാണ്ഡീവം കുലയേറ്റാൻ പണിപ്പാടായി. അസ്ത്രവിദ്യകളൊന്നും ഓർമ്മ വന്നില്ല.'' – അർജുനനെ നിസഹായനാക്കിയ സാഹചര്യം ഏത് ?

35) ജി. പി. പിള്ള എന്ന പത്രപ്രവർത്തകന്റെ മൗലിക സവിശേഷതകൾ എന്തൊക്കെയാണ് ?

36) ''നിയമലംഘനത്തിന്റെയും കലഹത്തിന്റെയും വാസനകൾ നിറഞ്ഞ രഹസ്യജീവിതത്തിനിടയിൽ എനിയ്ക്ക് സ്വാതന്ത്ര്യത്തിന്റെ പുസ്തകമാണ് നോവൽ'' എന്ന് നിരീക്ഷണത്തിലേക്ക് ലേഖകനെ എത്തിച്ച സാഹചര്യം വിശദമാക്കുക.

**(5×2=10 വെയിറ്റ്)**

IV. **മൂന്നു പുറത്തിൽ (300 വാക്ക്)** കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

37) പ്രാദേശിക സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഈടുവെപ്പുകൾ 'സ്മാരകശിലകളിൽ' കടന്നു വരുന്നത് എപ്രകാരമാണ് ?

38) ബാല്യകാല ബന്ധങ്ങളുടെ ശക്തമായ സ്മൃതി മണ്ഡലമാണ് 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയെ സജീവമാക്കുന്നത് – പ്രതികരിക്കുക.

39) യുദ്ധത്തിന്റെ ആത്യന്തികമായ നിരർത്ഥകതയും ദുരന്തപരതയും മാരാർ വിശകലനം ചെയ്യുന്നതെങ്ങനെ ?

**(2×4=8 വെയിറ്റ്)**

All Saints' College Trivandrum